(ബി) ചെറുകിട ജലസേചന വകുപ്പിലെ പല ഉദ്യോഗസ്ഥന്മാരും പാടശേഖരങ്ങളിലെ കൃഷിഭാരവാഹികളുടെ അഭ്യർത്ഥന പ്രകാരം കാർഷിക ജലസേചന കാര്യങ്ങളിൽ തീരെ ശ്രദ്ധിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതേപ്പറ്റി അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ചെറുകിട ജലസേചന രംഗത്ത് അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പണികൾ ജലസേചന വകുപ്പിന്റെ കീഴിലുള്ള അതാതു പ്രദേശങ്ങളിൽ എഞ്ചിനീയർമാരും മറ്റു ടെക്നിക്കൽ സ്റ്റാഫും മേൽനോട്ടം വഹിച്ചുവരുന്നു. തുടർന്നു സ്വീകരിക്കേണ്ട സംവിധാനം സർക്കാർ പരിശോധിക്കുന്നതാണ്.

(ബി) ഇല്ല.

(സി) ബാധകമല്ല.

**ഒറ്റത്തെ റഗുലേറ്റർ-കം-ബ്രിഡ്ജ്**

**107 (2019)** ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ വെള്ളാട്ട്കൊല്ലി ഒറ്റത്തെ റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഓരോന്നിന്റെയും നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ നിർമ്മാണ പ്രവർത്തികൾ ടെണ്ടർ ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) വെള്ളാട്ടുകൊല്ലി റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തികൾ ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഒറ്റത്തെ റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവർത്തികൾ ടെണ്ടർ ചെയ്യുന്നതാണ്.

**കടൽഭിത്തി നിർമ്മാണം**

**108 (2020)** പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടൽഭിത്തി നിർമ്മാണത്തിന് ഓരോ വർഷവും എത്ര കോടി രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) 1999 മാർച്ച് 31 വരെ കരാറുകാർക്ക് കടൽഭിത്തി നിർമ്മിച്ച ഇനത്തിൽ എന്ത് തുക നല്കി എന്ന് വ്യക്തമാക്കാമോ ;

(സി) ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളുടെ കടൽത്തീരം കടൽഭിത്തി കെട്ടുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണമെന്ന നിയമസഭാ പരിസ്ഥിതി സമിതിയുടെ ശുപാർശ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത ശുപാർശയിന്മേൽ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഇ) ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളുടെ കടൽത്തീരം ഭിത്തി കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1996-1997 വർഷത്തിൽ 27.00 കോടി രൂപയും 1997-1998 വർഷത്തിൽ 13.82 കോടി രൂപയും 1998-1999 വർഷത്തിൽ 19.34 കോടി രൂപയും ചെലവഴിച്ചു.

(ബി) 1998-1999 സാമ്പത്തികവർഷത്തിൽ 19,33,84,146 രൂപ നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) പരിസ്ഥിതി സമിതിയുടെ ശുപാർശ പ്രകാരം താഴെ പറയുന്ന പണികൾ ഏറ്റെടുത്ത് നടത്താൻവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

1. ആറാട്ടുപുഴ പഞ്ചായത്തിൽ ചെയിനേജ് 56.00 കി.മീ. മുതൽ 56.500 കി.മീ വരെയുള്ള കേടുവന്ന കടൽഭിത്തിയുടെ സംരക്ഷണ പണികൾ.

2. ആറാട്ടുപുഴ പഞ്ചായത്തിൽ ചെയിനേജ് 56.500 കി.മീ മുതൽ 57.300 കി.മീ. വരെയുള്ള കേടുവന്ന കടൽഭിത്തിയുടെ സംരക്ഷണ പണികൾ.

3. ആറാട്ടുപുഴ പഞ്ചായത്തിൽ ചെയിനേജ് 57.350 കി.മീ മുതൽ 57.500 കി.മീ. വരെയുള്ള കേടുവന്ന കടൽഭിത്തിയുടെ സംരക്ഷണ പണികൾ.

മേൽപ്പറഞ്ഞ 3 പണികൾക്കും ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിക്കഴിഞ്ഞു. ആദ്യത്തെ രണ്ട് പണികൾക്ക് ടെൻഡർ ലഭിച്ചിട്ടുണ്ട്. മൂന്നാമത്തെ പണിക്ക് ടെൻഡർ ക്ഷണിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) മേൽ വിവരിച്ചവയ്ക്ക് പുറമെ ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളുടെ കടൽത്തീരം ഭിത്തി കെട്ടി സംരക്ഷിക്കുന്നതിലേയ്ക്കായി 217.00 ലക്ഷം രൂപ എസ്റ്റിമേറ്റ് തുകയുള്ള പണി പൂർത്തിയായിവരുന്നു. ചെയിനേജ് 49.50 കി. മീ. മുതൽ 50.00 കി.മീ. വരെ കടൽഭിത്തി പുനരുദ്ധരിക്കുന്നതിനായി ഭരണാനുമതി നൽകുന്ന കാര്യവും ചെയിനേജ് 51.50 കി. മീ. മുതൽ 52.00 കി. മീ. വരെ കടൽഭിത്തി കെട്ടുന്നതിന് ഭരണാനുമതി നല്കുന്ന കാര്യവും സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly